# സരിപ്പത്രി

## കുട്ടികളുടെ പത്രം

## എ.എം.യു.പി സ്കൂൾ പാപ്പിനിവട്ടം

പുതിയകാവ്, പി.ഒ. മതിലകം – 680 685



*നിങ്ങൾക്ക് ഭാവിയെ മാറ്റിമറിക്കാനാവില്ല പക്ഷെ സ്വഭാവത്തെ മാറ്റാനാകും. സ്വഭാവം നിങ്ങളുടെ ഭാവിയെ മാറ്റിമറിക്കുമെന്ന് തീർച്ച.*

*– എ.പി.ജെ. അബ്ദുൽ കലാം*



### USS *വിജയികൾ 2018–19*



ശ്രീകാർത്തിക്



കീർത്തന ടി.പി.

### *വിവിധമേഖലകളിൽ കഴിവുതെളിയിച്ച നമ്മുടെ സ്കൂളിലെ പ്രതിഭകൾ*



**മെഹർബ ബി. അസീം**
*7 ബി.*
*(ഹിന്ദി കവിത എ ഗ്രേഡ് ജില്ലാതലം)*



**അർച്ചന പി.എച്ച്.**
*6 എ.*
*(സംസ്കൃതം പദ്യം ചൊല്ലൽ എ ഗ്രേഡ് ജില്ലാതലം)*



**ആർദ്ര കെ. പ്രശാന്ത്**
*5 ബി.*
*(സിദ്ധരൂപോച്ചാരണം എ ഗ്രേഡ് ജില്ലാതലം)*



**ഇസ്മിയ ഷിറിൻ**
*(അഖില കേരള ചിത്രരചന മത്സരം നിറക്കൂട്ട് 2020 ഒന്നാംസ്ഥാനം – കെ.ജി. വിഭാഗം)*



**റൈഷാന എം.ആർ.**
*7 ബി.*
*(2019–2020ലെ അല്ലാമാ ഇക്ബാൽ മെമ്മറി ടെസ്റ്റിൽ ഉപജില്ലാതലത്തിലും ജില്ലാതലത്തിലും ഒന്നാം സ്ഥാനം)*



**നൈഷ നസ്റിൻ**
*6 സി.*
*(2019–2020ലെ ഉപജില്ലാതലം അല്ലാമാ ഇക്ബാൽ ഉറുദു ടാലന്റ് ടെസ്റ്റിന് അർഹയായ വിദ്യാർത്ഥിനി)*

YouTube

വിവരസാങ്കേതിക വിദ്യ വളർന്നു വരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിന്റെ മികച്ച പ്രവർത്തനങ്ങൾ മറ്റുള്ളവരിലേക്ക് എത്താൻ ആയി ഒരു യൂട്യൂബ് ചാനൽ “Steps Edu Gallary”



## സേവനപാതയിൽ ഭാരത് സ്കൗട്ട് & ഗൈഡ്സ്



കൊടുങ്ങല്ലൂർ ഉപജില്ലയിൽ വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്കൗട്ട്സ് & ഗൈഡ്സ് യൂണിറ്റാണ് പാപ്പിനിവട്ടം എ.എം. യു.പി. സ്കൂൾ യൂണിറ്റ്. യു.പി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ അംഗങ്ങളായ 3 യൂണിറ്റുകൾ ജില്ലാ ലോക്കൽ അസോസിയേഷൻ നടത്തുന്ന മുഴുവൻ പ്രവർത്തനങ്ങളിലും സജീവമായി നിലകൊള്ളുന്നു.

രാജ്യത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി സേവനം ചെയ്യാൻ സന്നദ്ധമായ ഒരു തലമുറയെ വാർത്തെടുക്കുന്ന പ്രസ്ഥാനമാണ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്. പ്രവേശ്, പ്രഥമസോപാൻ, ദ്വിതീയ സോപാൻ തുടങ്ങിയ പരീക്ഷകളിൽ ഘട്ടം ഘട്ടമായി കുട്ടികൾ പങ്കെടുക്കുകയും നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നു. കൂടാതെ ഈ വർഷം നടത്തിയ വാഴച്ചാൽ പ്രകൃതി പഠന ക്യാമ്പ് കുട്ടികൾക്ക് ആവേശമായി. വിദ്യാലയത്തിനകത്തും പുറത്തും സേവനപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന അംഗങ്ങളുടെ ട്രൂപ്പ് ക്യാമ്പുകൾ വർഷം തോറും നടത്തിവരുന്നു.



## അമ്മയ്ക്കൊരു കൈത്താങ്ങ്

2019 നവംബർ 13 അമ്മമാർക്കുള്ള സ്വയം തൊഴിൽ പദ്ധതിക്കായുള്ള സംഘാടക സമിതി രൂപീകരണവും പദ്ധതി വിശദീകരണവും നടന്നു. ബഹു. വാർഡ്മെമ്പർ കെ. കെ. അഹമ്മദ് കബീർ ഉദ്ഘാടനം ചെയ്ത ഈ പദ്ധതിയിൽ പി.ടി.എ. പ്രസിഡന്റ് പ്രതീക്ഷ മനേജ് അധ്യക്ഷ സ്ഥാനം വഹിച്ചു. മാനേജർ എം.കെ. സൈഫുദ്ദീൻ ചെയർമാനായും വൈസ് ചെയർമാനായി എച്ച്.എം. ആർ വാസന്തി ടീച്ചർ, കൺവീനറായി നിഷാദ്, ജോയിന്റ് കൺവീനർ പ്രതീക്ഷ മനോജ്, ട്രഷറർ ടി.ആർ. ഷാജി എന്നിവരെ തെരഞ്ഞെടുത്തു. 1 മുതൽ 7 വരെയുള്ള ക്ലാസുകളിൽനിന്ന് രണ്ട് അമ്മമാർ വീതവും കൂടാതെ എക്സിക്യൂട്ടീവ് അംഗങ്ങൾ, കെ.ജി. വിഭാഗം പി.ടി.എ. പ്രസിഡന്റ് സൈനബ അഷറഫ് തുടങ്ങി അറുപതോളം പേർ ഇതിൽ പങ്കെടുത്തു. (ലാമ്പ് ഷെയ്ഡ്, കീബോർഡ് സ്റ്റാന്റ്) നിർമ്മാണ പ്രവർത്തനങ്ങളെകുറിച്ച് മാനേജർ എം.കെ. സെയ്ഫുദ്ദീൻ വിശദീകരണം നടത്തി. അമ്മയ്ക്കൊരു കൈതാങ്ങായി ഈ പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

## മികവിന് ആദരം



2019–ൽ ഡയറ്റ് ജില്ലാതലത്തിൽ മികവാർന്ന സ്കൂളായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ സ്കൂളിന് ഡയറ്റിൽ നിന്നും പുരസ്കാരം ലഭിക്കുകയുണ്ടായി. ഈ മികവിന് അംഗീകാരമായി മതിലകം ഗ്രാമപഞ്ചായത്തിന്റെ ഉപഹാരവും പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ 'വിദ്യാരവം2019' പുരസ്കാരവും നമ്മുടെ സ്കൂളിന് ലഭിച്ചു. വിദ്യാലയത്തെ മികവിലേക്ക് നയിച്ച ഹെഡ്മിസ്ട്രസ്, അധ്യാപകർ, മാനേജർ, പി.ടി.എ., വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് ഒരായിരം അഭിനന്ദനങ്ങൾ.



പൊതുവിദ്യാഭ്യാസവകുപ്പ് 2019–2020 ൽ ഉപില്ലാതലത്തിൽ നടത്തിയ സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ എൽ.പി. വിഭാഗത്തിൽ നിന്ന് വൈഗ പി.എസ്., അനൂയ കെ.പി., അശ്വന്ത് കെ. സന്തോഷ് എന്നീ വിദ്യാർത്ഥികൾക്കും യു.പി. വിഭാഗത്തിൽ നിന്ന് ശ്രേയ പി.ഡി., ആർദ്ര കെ. പ്രശാന്ത്, ബാലു കൃഷ്ണ, അനാമിക, ബിൻഷ എസ്. അനിൽകുമാർ എന്നീ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിച്ചു.



*വിദ്യാലയത്തിലെ പഠനമികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുന്ന പഠനോത്സവത്തിൽ നിന്ന്*



## ലാപ്ടോപ്പ് പ്രൊജക്ടർ വിതരണം

കൈറ്റിന്റെ ആഭിമുഖ്യത്തിൽ സ്കൂളിന് ലഭിച്ച 10 ലാപ്ടോപ്പുകളും 4 പ്രൊജക്ടറുകളും 10 സ്പീക്കറും എച്ച്.എം. വാസന്തിടീച്ചറുടെ നേതൃത്വത്തിൽ എൽ.പി., യു.പി. അധ്യാപകർക്കായി 2019 ആഗസ്റ്റ് 17ന് വിതരണം ചെയ്തു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, രസകരമായ രീതിയിൽ പഠനം നടക്കുന്നതിനും ഇതുമൂലം സാധിക്കുന്നുണ്ട്.





A.M.U.P.S
Pappinivattam

എഡിറ്റോറിയൽ


## പുതിയ കാലഘട്ടത്തിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി

നമ്മുടെ സ്വാതന്ത്ര്യസമരം സ്വാതന്ത്ര്യത്തിന് വേണ്ടി മാത്രമായിരുന്നില്ല. സമത്വത്തിനും സാമൂഹ്യനീതിക്കും കൂടിയായിരുന്നു. ജാതിയുടേയും മതത്തിന്റേയും വിലക്കുകളാൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഒരു ജനതയ്ക്ക് ഉയർത്തെഴുന്നേൽക്കണമെങ്കിൽ, സാമൂഹ്യവും സാമ്പത്തികവുമായ സമത്വം കൈവരിക്കണമെങ്കിൽ വിദ്യാഭ്യാസം അനിവാര്യമാണെന്ന് നമ്മുടെ സ്വാതന്ത്ര്യസമരനായകർ തിരിച്ചറിഞ്ഞിരുന്നു. ആ തിരിച്ചറിവാണ് സ്വാതന്ത്ര്യസമരകാലത്ത് ഇംഗ്ലീഷ്കാരുടെ വിദ്യാലയങ്ങൾ ബഹിഷ്കരിച്ചപ്പോഴും പ്രാദേശിക വിദ്യാകേന്ദ്രങ്ങൾ പരിപോഷിപ്പിക്കാൻ അവർ ശ്രമിച്ചത്.

സ്വാതന്ത്ര്യം നേടിയശേഷം ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസമന്ത്രി അബ്ദുൽകലാം ആസാദിന്റെ നേതൃത്വത്തിൽ ജനകീയ വിദ്യാലയങ്ങൾ വ്യാപകമായി തുറക്കപ്പെട്ടു. ഇത് പ്രാഥമിക വിദ്യാകേന്ദ്രങ്ങളെ പുഷ്ടിപ്പെടുത്തുകയും ചെയ്തു.

എന്നാൽ ഇടക്കാലത്ത് വെച്ച് വിദ്യാഭ്യാസം വീണ്ടും വരേണ്യ വർഗത്തിന്റെ കൈകളിലേക്ക് ചുരുങ്ങിപ്പോകുകയും നമ്മുടെ സ്വാതന്ത്ര്യസമരനായകരുടെ സ്വപ്നങ്ങളിൽ നിന്നും അകന്ന് പോകുകയും ചെയ്തു. വിദ്യാഭ്യാസകച്ചവടക്കാരുടേയും ജാതിമതതൽപരകക്ഷികളുടേയും നേതൃത്വത്തിൽ വിദ്യാലയങ്ങൾ തട്ടുകളായി വിഭജിക്കപ്പെട്ടു. ഇതിന്റെ ദോഷഫലങ്ങൾ സമൂഹത്തിൽ പ്രതിഫലിക്കാൻ തുടങ്ങി. വിദ്യഭ്യാസം ഏറെ ചെലവേറിയതും വർഗീയവൽക്കരിക്കപ്പെട്ടതുമായി. ഈ തിരിച്ചറിവിൽനിന്നാണ് പൊതുവിദ്യാഭ്യാസത്തെ തിരിച്ചുപിടിക്കുക എന്ന മുദ്രാവാക്യം ഉയർത്തികൊണ്ട് പൊതുവിദ്യാലയത്തെ ശക്തിപ്പെടുത്താൻ ആരംഭിച്ചത്. ജാതിമതഭേദമന്യേ എല്ലാ കുട്ടികളും ഒരുപോലെ അറിവ് നേടുകയും അവർക്കിടയിൽ പങ്കുവെക്കലുകൾ ഉണ്ടാക്കുകയും ചെയ്യുമ്പോൾ സമൂഹത്തിൽ സൗഹാർദ്ദത്തിന്റെ കണ്ണികൾ ചേർക്കപ്പെടുന്നു. സൗജന്യവും നിർബന്ധിതവും സാർവ്വത്രികവുമായ വിദ്യാഭ്യാസം അക്ഷരാർത്ഥത്തിൽ അവർക്ക് ലഭിക്കുന്നു. അതിനാൽ പൊതുവിദ്യാഭ്യാസത്തെ മുറുകെ പിടിക്കേണ്ടതും പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തേണ്ടതും നമ്മുടെ ഓരോരുത്തരുടേയും കടമയാണ്

## കൃതി 2020ൽ നമ്മുടെ കുട്ടികൾ



സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം സംഘടിപ്പിച്ച കൃതി 2020 അന്താരാഷ്ട്ര പുസ്തമേള മറൈൻ ഡ്രൈവിൽ വച്ച് ഫെബ്രുവരി 11 ചൊവ്വാഴ്ച നടക്കുകയുണ്ടായി. പാപ്പിനിവട്ടം ബാങ്കിന്റെ നിർദ്ദേശത്തോടെ നമ്മുടെ വിദ്യാലയത്തിൽനിന്ന് 4 വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചു. വിദ്യാലയത്തിലേക്ക് ലഭിച്ച പുസ്തകങ്ങളുമായി നമ്മുടെ കുട്ടികൾ.

## പ്രവർത്തി പരിചയമേളയിൽ ഒരു പൊൻതൂവൽ കൂടി



ഉപജില്ല ശാസ്ത്ര സാമൂഹിക ഗണിത പ്രവർത്തിപരിചയമേളയിൽ നമ്മുടെ വിദ്യാലയം തുടർച്ചയായ 12-ാം തവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി. ജൂലായ് മാസത്തോടെ പ്രവർത്തിപരിചയത്തിൽ പ്രഗൽഭരായ കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം വിദ്യാലയത്തിൽ വെച്ചു തന്നെ നടത്തുന്നു. അധ്യാപകരുടെയും പി.ടി.എ. യുടെയും സഹകരണത്തോടെയാണ് ഇത്തരം പരിശീലനങ്ങൾ വിദ്യാലയത്തിൽ നടത്തിവരുന്നത്. ചന്ദനത്തിരി നിർമ്മാണം, ഈറമുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കളിമൺ ഉൽപ്പന്നങ്ങൾ, ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിവയിൽ മികച്ച പ്രകടനം കാഴ്ച വെക്കാനായി മാത്രമല്ല. ഗണിതം, സാമൂഹികശാസ്ത്രം എന്നീ മേഖലകളിലും ഉന്നത നിലവാരം പുലർത്തി.





## ടാലന്റ് ലാബ്

വിദ്യാഭ്യാസം സമൂഹത്തിന്റെ ആത്മാവാണ്. ആ ആത്മാവിനെ പരിപോഷിപ്പിക്കണമെങ്കിൽ അറിവ് അത്യാവശ്യമാണ്. സമൂഹത്തെ അറിവിന്റെ വെളിച്ചത്തിലേത്ത് നയിക്കുക എന്നതാണ് ഓരോ വിദ്യാലയത്തിന്റെയും ധർമ്മം, ഓരോ മനുഷ്യനും ഈ ലോകത്ത് വരുന്നതിന് ഓരോ ഉദ്ദേശ്യമുണ്ട്. "പ്രകൃതിയിൽ വൃക്ഷങ്ങൾ വളരുന്നതുപോലെ" അവർക്ക് ഇഷ്ടമുള്ള പോലെ ആകാശത്തേക്ക് തലയുയർത്തും കുട്ടികൾക്കും ആ സ്വാതന്ത്ര്യം നാം നൽകണം. അവരെ ഇഷ്ടങ്ങൾക്കൊപ്പമല്ല. അവന്റെ ഇഷ്ടങ്ങൾക്കൊപ്പം. പഠനഭാരം നാം അടിച്ചേൽപ്പിക്കുമ്പോൾ ഒപ്പം അവന്റെ സർഗാത്മകതയും തിരിച്ചറിയാൻ ശ്രമിക്കണം.അതിന് വരുന്ന സാഹചര്യങ്ങൾ നമ്മൾ ഒരുക്കണം. വിദ്യാഭ്യാസത്തെ ഒരു സാമൂഹ്യവിപ്ലവമായികണ്ട് ഇവന്റെ ഒപ്പം കൂട്ട് കൂടണം. വ്യത്യസ്ത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളാണല്ലോ, ഓരോ വിദ്യാലയങ്ങളിലും ഉള്ളത്. ഒന്ന് കാതോർത്താൽ അത് ഒരു സമിശ്ര കഴിവുകൾ കൂട്ടിപൊതിഞ്ഞ പുറം ചട്ടയാണെന്ന് തിരിച്ചറിയാനാകും. ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും ഉയർന്ന വിജയം കരസ്ഥമാക്കാൻ കഴിയുമെന്ന വിശ്വാസത്തിൽ തന്നെയാണ് ടാലന്റ് ലാബ് എന്ന നമ്മുടെ ആശയത്തിലേക്കുള്ള ചുവട് വയ്പ്പ്.

പഠനപുരോഗതി മാത്രമല്ല സ്വയം തിരിച്ചറിയൽ, സർഗാത്മക ചിന്ത, നേതൃപാടവം, നിരീക്ഷണ പാടവം, ആശയവിനിമയശേഷി, തുടങ്ങിയവ ആർജിക്കുവാനും കുട്ടികളിൽ അന്തർലീനമായ കഴിവ് വികസിപ്പിക്കാനും കഴിയും. നമ്മുടെ സ്കൂളിലെ കുട്ടികളുടെ വലിയൊരു ശതമാനം കുട്ടികൾ ടാലന്റ് ലാബ് ഉപയോഗപ്പെടുത്തുന്നു.

സ്കൂളിലെ മുഴുവൻ കുട്ടികളുടേയും അഭിരുചി കണ്ടെത്തി അവരെ വിവിധ ടാലന്റ് ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. എല്ലാകുട്ടികളെയും ഏതെങ്കിലും ഒരു ടാലന്റ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനേജിമെന്റിന്റെയും രക്ഷിതാക്കളുടെയും പരിപൂർണ്ണ സഹകരണത്തോടെ ടാലന്റ് ലാബ് മുന്നോട്ട് കൊണ്ടുപോകുന്നു.


ടാലന്റ് ഗ്രൂപ്പുകൾ: കരാട്ടെ, സംഗീതം, വയലിൻ, അബാക്കസ്, ഗിറ്റാർ, കീബോഡ്.

ഒരുദിനം പുതുമയിലൂടെ തുടങ്ങി പാഠഭാഗങ്ങളും കളിയും ചിരിയും സംഗീതവും ആസ്വദിച്ച് കുട്ടികളെ സ്വതന്ത്രമായി പഠനഭാരങ്ങളില്ലാതെ വിദ്യാലയത്തെ ഭയപ്പാടുകളില്ലാതെ സ്വന്തം വീട്ടിലേക്ക് കയറിവരുന്ന ആത്മവിശ്വാസത്തോടെ സൃഷ്ടിച്ചെടുക്കാനും അവരുടെ ശേഷികൾ കണ്ടെത്തി മനോഭാവങ്ങൾ മൂല്യങ്ങൾ എന്നിവ രൂപപ്പെടുത്തുവാനും കുട്ടികൾക്ക് അവരുടെ പരിമിതികളും വ്യത്യസ്തകളും തിരിച്ചറിയാനും അംഗീകരിക്കാനും ബഹുമാനിക്കാനും സമൂഹത്തിന് വേണ്ടി പ്രവൃത്തിക്കാനുള്ള മനസ് സൃഷ്ടിച്ചെടുക്കാനും ഇതിലൂടെ കഴിയുന്നു.




## മാനേജറുടെ സ്നേഹോപഹാരം റൈസ് കുക്കർ

പാചകം, വിഭവങ്ങളുടെ രുചി എന്നിവ സംസ്ക്കാരങ്ങളെക്കുറിച്ച് കുട്ടികളെ മനസ്സിലാക്കി കൊടുക്കും. ഒരുമിച്ച് ഭക്ഷണം കഴിക്കുക എന്നത് ഒന്നിച്ച് ചേരാൻ കഴിയുന്ന ഏറ്റവും വലിയ പ്രവർത്തനമാണ്. സ്കൂൾ ഉച്ചഭക്ഷണം പാചകം എളുപ്പമാക്കാനും വളരെ വൃത്തിയായും, ഭംഗിയായും ചെയ്യുന്നതിന് ഈ അധ്യയന വർഷം സ്കൂളിന് സ്കൂൾ മാനേജർ ശ്രീ. എം.കെ. സൈഫുദ്ദീൻ അവർകളുടെ സ്നേഹോപഹാരമായിരുന്നു റൈസ്കുക്കർ. ഈ സമ്മാനം ഏറ്റവും വിലപ്പെട്ടതായി ഞങ്ങൾ കരുതുന്നു. 700 പേർക്ക് ഒരുമിച്ച് 40 മിനിറ്റുകൊണ്ട് ഭക്ഷണം പാചകം ചെയ്ത് എടുക്കാവുന്ന സ്റ്റെയിൻലെസ് സ്റ്റീൽ കൊണ്ട് നിർമ്മിച്ച പാചകവാതകം വളരെ കുറച്ച് ഉപയോഗിച്ച് പാചകം ചെയ്യാവുന്ന ഈ റൈസ് കുക്കർ ഏറെ വിലപ്പെട്ട സമ്മാനമായിട്ടാണ് സ്കൂളിലെ പി.ടി.എ.യും കുട്ടികളും അധ്യാപകരും കാണുന്നത്. ഭക്ഷണം മികച്ചതാക്കാൻ അത് പാചകം ചെയ്യുന്ന സാഹചര്യവും മികച്ചതാവണം. അത്തരം സാഹചര്യത്തിലൂടെ ആരോഗ്യകരമായ ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് കഴിയും. ഇത് സ്കൂളിലേക്ക് സമ്മാനമായി നൽകിയ മാനേജരോട് സ്കൂളിന്റെ കടപ്പാട്.



*ഷിഫാന കെ.എസ്. (5 എ)*



*കൃതി ടി.കെ. (5 ബി)*











# സന്ദേശം

മികവിന്റെ പാതയിൽ നന്നായി മുന്നേറുന്ന ഒരു വിദ്യാലയമാണ് പുതിയകാവ് എ.എം.യു.പി. സ്കൂൾ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ, ജൈവ ഹരിത പ്രവർത്തനങ്ങൾ എന്നിവ എടുത്ത് പറയേണ്ടതാണ്. വരും വർഷം കൂടുതൽ മികവാർന്ന പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്നു.

ആശംസകളോടെ..

**ടി.എസ്. സജീവൻ മാസ്റ്റർ**
ബി.പി.സി. ബി.ആർ.സി. മതിലകം

---

അക്ഷരലോകത്തിന്റെ വിഹായസിലേക്ക് പാറിപറക്കുന്ന നമ്മുടെ കുട്ടികൾ അവരുടെ ഭാവനയും ചിത്രലോകവും വിവിധ കഴിവുകളിലൂടെ 'സരിപതി' എന്ന പത്രത്തിലൂടെ പ്രകാശിപ്പിക്കുകയാണ്. അറിവിന്റേയും നന്മയുടെയും സത്യത്തിന്റെയും ചിന്തകൾ സമന്വയിപ്പിച്ച് സമൂഹത്തിലെ ഉത്തമ പൗരൻമാരായി ഓരോ കുട്ടിയേയും വളർത്തുക എന്നതാണ് മറ്റു വിദ്യാലയങ്ങളെ പോലെ എ.എം.യു.പി.എസ് ലക്ഷ്യമിടുന്നത്.

ആധുനിക ലോകത്തിന്റെ ഗതി ഒഴുക്കുകളിൽ അടിപതറാതെ മുന്നേറുവാൻ നമ്മുടെ കുരുന്നുകളെ പ്രാപ്തരാക്കുക എന്ന കർത്തവ്യത്തോടെയും വരും തലമുറകൾക്ക് നല്ലൊരു മാർഗദർശിയാവുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും ഞാനും എന്നാലയത് ചെയ്യുന്നു. കുരുന്നുകളുടെ ശോഭനമായ ഭാവിയിലേക്ക് ഈ പത്രം മാതൃകയാവട്ടെ. എന്നും അതോടൊപ്പം ഈ പത്രത്തിനായി എല്ലാ വിജയാശംസകളും നേർന്നുകൊണ്ട്..

**എം.കെ. സെയ്ഫുദ്ദീൻ**
സ്കൂൾ മാനേജർ

---

ഒരു ജനതയുടെ സാംസ്കാരിക വളർച്ച വിദ്യാഭ്യാസപരമായ മുന്നേറ്റത്തിലാണല്ലോ. പുതിയകാവിൽ അറിവിന്റെ പ്രകാശകിരണം പരത്തി ഉയർന്നു നിൽക്കുന്ന അക്കാദമികവും ഭൗതികവുമായ വളർച്ചയിൽ അത്ഭുതാവഹമായ കുതിപ്പുനടത്തി മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു വൈജ്ഞാനിക കേന്ദ്രമായി നമ്മുടെ വിദ്യാലയം മാറി. വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ അതിന് താങ്ങായും തണലായും കൈകോർത്തു നിൽക്കുന്ന എന്റെ സഹപ്രവർത്തകർ, രക്ഷിതാക്കൾ, നാട്ടുകാർ അവരുടെ മനസ്സറിഞ്ഞ പ്രവർത്തനങ്ങൾ എന്നും എപ്പോഴും ഓർക്കാതെ വയ്യ.. ഇനിയും ഒരുപാട് വേറിട്ട പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തെ നമുക്ക് മുന്നോട്ട് നയിക്കാം. ഈ വർഷം വിദ്യാലയം പുറത്തിറക്കുന്ന സരിപതി എന്ന ഈ പത്രം നമ്മുടെ വിദ്യാലയത്തിന്റെ ഒരു പരിച്ഛേദമാണ്. എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം
**ആർ. വാസന്തിടീച്ചർ**

---

ഒരു വിദ്യാലയത്തിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സമൂഹത്തിന് വ്യക്തമായ പങ്കുണ്ട്. അതുകൊണ്ട് തന്നെ ഇവിടെ ഞാൻ, എന്റെ, എനിക്ക് എന്നീ ചിന്തകൾക്ക് യാതൊരു പ്രസക്തിയുമില്ല. നമ്മുടെ കൂട്ടായ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമാണ് ഇന്നത്തെ വിദ്യാലയ മികവിന്റെ പ്രധാനകാരണം. ഇതിനു പിന്നിൽ പ്രവർത്തിച്ച ഓരോരുത്തർക്കും അഭിനന്ദനങ്ങൾ. പൊതുവിദ്യാലയങ്ങൾ അറിവിന്റെ വിളനിലങ്ങളാണ്. എന്നാൽ പാഠപുസ്തകത്തിലെ അറിവുകൾക്കപ്പുറത്ത്. നമ്മുടെ പ്രകൃതിയെ, കാലത്തെ, ലോകത്തെ ഒക്കെ അറിയുന്ന അനീതിക്കും, ലഹരിക്കുമെതിരെ അതിശക്തമായി പ്രതികരിക്കുന്ന ഉന്നതമൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഓരോ പൊതുവിദ്യാലയങ്ങളുടേയും ലക്ഷ്യം. ഈ ഒരു വർഷക്കാലം നമ്മുടെ വിദ്യാലയത്തിൽ നടത്തിയ ഒരു പിടി നല്ല പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ് ഈ പത്രം. വാർഷിക ആഘോഷവേളയിൽ പുറത്തിറക്കുന്ന ഈ പത്രത്തിന് എന്റേയും നമ്മുടെ പി.ടി.എ. അംഗങ്ങളുടേയും എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം
**പ്രതീക്ഷ മനോജ്**

## കാത്തിരിപ്പിന്റെ ദുഃഖം

*നിഖില എ. രവി*

കാത്തിരിപ്പിപ്പോൾ
നിനക്കായ് തുടിക്കുന്ന
ജീവിതത്തിന്റെ
സൂര്യയാനത്തിൽ ഞാൻ
ആളി നിൽക്കമീ ചൂടിൽ
നിലാവിന്റെ നേർത്ത തട്ടം
പകുത്തെത്തിടും വരെ
ഓർമ്മതോറും കനച്ച
ചോരച്ചാലിൽ
നീർവഴി തന്നെ ആ
വേദനപ്പാടുകൾ
സന്ധിയില്ലാതെ വെന്ത് വീഴും
കിനാപ്പച്ച മേഘങ്ങൾ
കിതയ്ക്കുന്ന
വർത്തമാനക്കടൽക്കാളുകൾ
പേര് പോലും തിരിക്കുന്ന
നമ്മളെ
പേരിനിത്രയും വീറോ
വിരോധമോ?
നാളെ ഓർക്കുകിൽ
തിട്ടമൊഴാ ചൂഴിച്ചാല് കീറി
കോളൂത്തറിഞ്ഞങ്ങനെ
വീണുടയാത്ത ഭയങ്ങളായ്
ചിന്തയിൽ സങ്കടങ്ങൾ തൻ
ആർത്തലപ്പങ്ങനെ
കാത്തിരിപ്പിപ്പോൾ
നിനക്കായ് തുടിക്കുന്ന
ജീവിതത്തിന്റെ
സൂര്യയാനത്തിൽ ഞാൻ.

# ന്യൂതന ഗവേഷണ പരമ്പര തേടി നമ്മുടെ വിദ്യാലയം

നമ്മുടെ വിദ്യാലയത്തിലെ പ്രതിഭാധനരായ വിദ്യാർത്ഥികൾക്കായി നാല് വർഷമായി തുടരുന്ന പ്രവർത്തനമാണ് ഗവേഷണം. ഗവേഷണതൽപരരായ ഒരുകൂട്ടം വിദ്യാർത്ഥികളിൽ നിന്ന് അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 30 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പല സ്ഥലങ്ങൾ സന്ദർശിക്കുകയും വിഷയവുമായി ബന്ധപ്പെട്ട പ്രമുഖവ്യക്തികളുമായി അഭിമുഖം നടത്തിയും കുട്ടികൾ ഗവേഷണം നടത്തുന്നു. വിവരശേഖരണത്തിനായി പത്രങ്ങൾ, മാസികകൾ, ഇന്റർനെറ്റ് എന്നിവയെയും കുട്ടികൾ ആശ്രയിക്കുന്നു. 2014-15 അധ്യയനവർഷം മുതൽ ഗവേഷണ പ്രബന്ധത്തിന് ക്യാൻസർ, കൃഷി ഒരു ജീവിത സംസ്കാരം, ലഹരി എന്ന നീരാളി, റോഡിൽ പൊലിയുന്ന ജീവിതം എന്നീ വിഷയങ്ങളാണ് തെരഞ്ഞെടുത്തിരുന്നത്.

ഈ വർഷം നമ്മുടെ കുരുന്നു ഗവേഷകർക്കായി തിരഞ്ഞെടുക്കപ്പെട്ട വിഷയം ശുചിത്വവും പകർച്ചവ്യാധിയും എന്നതാണ് ഈ കാലഘട്ടത്തിൽ നമ്മെ ഏറ്റവും കൂടുതൽ കാർന്നു തിന്നുന്ന ഒന്നാണ് പകർച്ചവ്യാധികൾ. ഈയിടെ നിപയും കൊറോണയും പോലെയുള്ള പകർച്ചവ്യാധികൾ, നമ്മെ ഒന്നടങ്കം മരണത്തിലേക്ക് എത്തിച്ചിരുന്നു. വൈറസ് വ്യാപനം തടയുക എന്ന പ്രതിരോധമാണ് ഏറ്റവും കൂടുതൽ ഇതിന് ശക്തി പകർന്നത്. ഒപ്പം ശുചിത്വശീലങ്ങളും ഇതിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. എന്റെ നാടും വീടും വിദ്യാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കാനും മാലിന്യ വിമുക്തമാക്കാനുള്ള ഉത്തരവാദിത്വവും രോഗത്തിന്റെ ഗുരുതരാവസ്ഥ കൊണ്ടും പ്രദേശമാകെപടർന്നു പിടിക്കുന്ന സ്വഭാവം കൊണ്ടും മാരകമായേക്കാവുന്ന പകർച്ചവ്യാധികളെ തടയാൻ സമൂഹത്തെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയും 'വിദ്യയും വൃത്തിയും ഒരുപോലെ' എന്ന ആശയവും ജനങ്ങളിലേക്ക് എത്തിക്കാനും ഈ ഗവേഷണപ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്.





സത്യപ്രതിജ്ഞാ ചടങ്ങ് 2019-20



പാഠപുസ്തക വിതരണ ഉദ്ഘാടനം



പ്രവേശനോത്സവം 2019-20

## സുരീലി ഹിന്ദി

കുട്ടികൾ പാട്ടിലൂടെയും സ്കിറ്റിലൂടെയും ആംഗ്യത്തിലൂടെയും കാണിച്ച് അവരുടെ സഭാകമ്പം അകറ്റി ഹിന്ദി സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കി, രസകരമായ രീതിയിൽ പഠിച്ച് അവതരിപ്പിക്കാൻ പറ്റുന്ന ഒരു പരിപാടിയാണ് സുരീലി ഹിന്ദി. എല്ലാകുട്ടികളും അത് രസകരമായി ചെയ്യുകയും ചെയ്തു.

## ഭിന്നശേഷി കുട്ടികൾക്ക് കൈതാങ്ങായി നമ്മുടെ വിദ്യാലയം

ലോകഭിന്നശേഷി ദിനത്തോടനുബന്ധിച്ച് പ്രത്യേക അസംബ്ലി നടന്നു. ടി.കെ. ഷഹീദ ടീച്ചർ ഈ ദിനത്തിന്റെ പ്രാധാന്യം അസംബ്ലിയിൽ വ്യക്തമാക്കി. അസംബ്ലിയിലെ ഓരോ ഇനവും ഇത്തരം കുട്ടികളാണ് നിർവ്വഹിച്ചത്. ഞങ്ങളുടെ ഭാവി പ്രാപ്തമാക്കും എന്ന സന്ദേശത്തിന് ശേഷം സമ്മാനദാനവും നടന്നു. വിവിധ പ്ലക്കാർഡുകളുമായി ഭിന്നശേഷിദിന സന്ദേശമോതിക്കൊണ്ട് റാലിയും വിദ്യാലയത്തിൽ നടന്നു. ഓണത്തോടനുബന്ധിച്ച് മധുര പലഹാരങ്ങളുമായി ഭിന്നശേഷിക്കാരായ കുട്ടികളെ വീടുകളിൽ സന്ദർശിച്ചിരുന്നു.

ബി.ആർ.സി.യുടെ കീഴിൽ ഭിന്നശേഷി കുട്ടികൾക്കായുള്ള ദ്വിദിന സഹവാസക്യാമ്പ് 2019 ഡിസംബർ 27, 28 തിയ്യതികളിൽ നമ്മുടെ സ്കൂളിൽ വെച്ചാണ് നടന്നത്. മതിലകം ബി.ആർ.സി. യുടെ പരിധിയിലുള്ള 65 വിദ്യാലയങ്ങളിലെ 40 ഭിന്നശേഷി വിദ്യാർത്ഥികളേയും 8 സാധാരണ കുട്ടികളേയും രക്ഷിതാക്കളേയും ഉൾപ്പെടുത്തിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം റിമ സലീം ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. മതിലകം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഇ.ജി. സുരേന്ദ്രൻ പതാക ഉയർത്തി യോഗത്തിന് അധ്യക്ഷപദം അലങ്കരിച്ചു. വാർഡ് മെമ്പർ ശ്രീ. അഹമ്മദ് കബീർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മതിലകം ബി.പി.സി. ശ്രീ. ടി. എസ്. സജീവൻമാസ്റ്റർ പദ്ധതി വിശദീകരണം നടത്തി. റിസോഴ്സ് അധ്യാപിക ശ്രീമതി ജുന അബ്രഹാം നന്ദി രേഖപ്പെടുത്തി. കുട്ടികളുടെ സർഗശേഷി വളർത്താൻ ഉതകുന്ന പ്രവർത്തനങ്ങളും രാത്രി കുട്ടികൾക്കായി ക്യാമ്പ് ഫയർ, നാടൻപാട്ട്, മോട്ടിവേഷൻക്ലാസ്, യോഗ, നാടകക്കളരി എന്നിവ സംഘടിപ്പിച്ചു. സമാപനസമ്മേളനം കയ്പമംഗലം എം.എൽ.എ. ശ്രീ. ഇ.ടി. ടൈസൺമാസ്റ്റർ ഉദ്ഘാടനം ചെയ്തു. ക്യാമ്പിൽ വിഭവസമൃദ്ധമായ ഭക്ഷണവും ഉണ്ടായിരുന്നു.

## അക്ഷരപൂർണ്ണിമ തേടി

'അക്ഷരപൂർണ്ണിമ' എന്ന പേരിൽ നമ്മുടെ വിദ്യാലയത്തിൽ ആരംഭിച്ച ഈവനിംഗ് ക്ലാസ്സുകൾ എൽ.പി. തലത്തിലും യു.പി. തലത്തിലും ഒട്ടേറെ മാറ്റങ്ങൾ സാധ്യമാക്കി. പ്രസ്തുത ക്ലാസുകളിലൂടെ മലയാളം ഉന്നതിയിലെത്തിക്കുന്നതിലുപരി ജനറൽനോളജ്, ഗണിതം, എന്നീ വിഷയങ്ങളും ഏറെ സമ്പന്നമാക്കി അധ്യയനത്തിന് കോട്ടം തട്ടാത്ത രീതിയിൽ 3.30 മുതൽ 4.00 വരെയാണ് പ്രസ്തുതക്ലാസ്സുകൾ നടത്തിവരുന്നത്. ഈ അക്കാദമിക വർഷത്തെ മെച്ചപ്പെട്ട മറ്റൊരു പഠനപ്രവർത്തനമായി ഇതിനെ വിലയിരുത്താം.

# LSS, USS പഠിതാക്കൾക്ക് ഉണർവേകി സഹവാസ ക്യാമ്പുകൾ


പൊതു വിദ്യാഭ്യാസ വകുപ്പ് നാലാംക്ലാസ്സിലും ഏഴാംക്ലാസിലും നടത്തിവരുന്ന മത്സര പരീക്ഷയാണ് എൽ.എസ്.എസ്., യു.എസ്.എസ്. ജൂൺമാസം അവസാനത്തോടെ തന്നെ ഇതിനായി കുട്ടികളെ തിരഞ്ഞെടുത്തു പരിശീലനം നടത്തിവരുന്നു. രാവിലെ 9 മണി മുതൽ 10 വരെയും വൈകീട്ട് 3.30 മുതൽ 5 മണി വരെയും കോച്ചിംങ് ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് മാതൃകാ പരീക്ഷകളും മോട്ടിവേഷൻക്ലാസുകളും നടത്തിവരുന്നു.

2020 ജനുവരി 18ന് സഹവാസ ക്യാമ്പുകളിലൂടെയുള്ള പരിശീലനത്തിന് തുടക്കം കുറിച്ചു. ക്യാമ്പുകളിലൂടെയുള്ള പരിശീലനം കുട്ടികൾക്ക് വേറിട്ട അനുഭവങ്ങളായിമാറി. അക്കാദമിക നിലവാരം ഉയർത്തുന്നതിന് ഇത്തരം ക്യാമ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

## STEPS 19.20

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സർഗാത്മക കഴിവുകളും, മികവുകളും തെളിയിക്കാനും മറ്റു വിദ്യാർത്ഥികൾക്കു മുന്നിൽ അവതരിപ്പിക്കാനും വേണ്ടി വേദിയൊരുക്കിയിരിക്കുന്നു. സ്കൂൾ റേഡിയോ, സ്റ്റെപ്സ് 19 20 എല്ലാ ആഴ്ചയിലും ചൊവ്വാഴ്ച അരമണിക്കൂർ സംപ്രേക്ഷണം ചെയ്യുന്നു. അത് കുട്ടികൾക്ക് കൗതുകമുള്ള പരിപാടിയായി തുടരുന്നു. തങ്ങളുടെ വീട്ടിലെ റേഡിയോയിലൂടെ അവർ കേട്ടിരുന്ന കാര്യങ്ങൾ സ്വയം അവതരിപ്പിക്കാനുള്ള അവസരം. ഓരോ വിദ്യാർത്ഥിക്കും ലഭിക്കുന്നു. സ്വന്തം കൃതികളായ കഥ, കവിത, എന്നിവയും കൂടാതെ മിമിക്രി, മോണോക്ട്, സംഭാഷണങ്ങൾ ആ ആഴ്ചയിൽ വിദ്യാലയത്തിൽ നടന്ന പ്രധാന സംഭവങ്ങൾ എന്നിവ കുട്ടികൾ റേഡിയോയിൽ അവതരിപ്പിക്കുന്നു. റേഡിയോയിൽ നമ്മുടെ സ്കൂളിലെ അധ്യാപകർക്കും അവസരങ്ങൾ ഉണ്ട്, എന്നതും ആകർഷണീയമാണ്. അധ്യാപകർ പറയുന്ന കഥകൾ കേൾക്കുന്നത് വിദ്യാർത്ഥികൾക്ക് എന്നും സന്തോഷം നിറഞ്ഞ കാര്യമാണല്ലോ! റേഡിയോ അവതരണത്തിൽ അന്ന് സ്കൂളിലെ വിദ്യാർത്ഥികളുടെ പിറന്നാൾ ആശംസകൾ നേരാനും ശ്രദ്ധിച്ചിരുന്നു. റേഡിയോയിലൂടെ കുട്ടികൾക്ക് തങ്ങളുടെ കഴിവുകളിൽ ആത്മവിശ്വാസം വളർത്താനും സഭാകമ്പം ഒഴിവാക്കാനും സഹായകമാകുന്നു. കുട്ടികളിൽ മാനസികോല്ലാസം ഉണ്ടാക്കാനും കഴിയുന്നു.

## ഇഷ്ടമാണ്



*പാർവണ പി.എസ്*
*(2 ബി)*

*ഇഷ്ടമാണ് എനിക്ക്*
*എൻ വിദ്യാലയത്തെ*
*ഇഷ്ടമാണ് എനിക്ക്*
*എൻ അദ്ധ്യാപകരെ*
*ഇഷ്ടമാണ് കഥ പറയുന്നാ*
*പാട്ടു പാടുന്ന ടീച്ചറെ*
*ഇഷ്ടമാണ് കുറുമ്പെടുത്താൽ*
*വഴക്കു പറയുന്ന ടീച്ചറെ*
*ഇഷ്ടമാണെനിക്കെന്റെ*
*ക്ലാസിലെ ചിത്രങ്ങളെ*
*ഇഷ്ടമാണ് എനിക്കെന്റെ കൂട്ടുകാരെ*
*തല്ലുപിടിക്കുകയും സ്നേഹിക്കുകയും*
*ചെയ്യുന്നെന്റെ സ്വന്തം കൂട്ടുകാരെ*
*ഇഷ്ടമാണ് എനിക്കെൻ സ്ക്കൂളിനെ*
*ഇഷ്ടമാണ് സ്കൂൾ അങ്കണത്തിലെ*
*ചെടികളെയും പൂക്കളെയും*






## ആഗോള കാലാവസ്ഥ പണിമുടക്ക്



സെപ്തംബർ 27 ആഗോള കാലാവസ്ഥാപണി മുടക്കിൽ ഞങ്ങളുടെ വിദ്യാലയവും പങ്കു ചേർന്നു. കുട്ടികൾ നിരവധി പ്ലക്കാർഡുകൾ തയ്യാറാക്കിയിരുന്നു. "ഭൂമി മനുഷ്യന്റേതല്ല. മനുഷ്യൻ ഭൂമിയുടേതാണ്.", "ഹരിതാഭമാക്കാം ഈ ഭൂമിയെ" ഇങ്ങനെ നിരവധി വാചകങ്ങൾ അവയിൽ ഉയർത്തിയിരുന്നു. 1 മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾ പ്ലകാർഡുമായി സ്കൂൾ അങ്കണത്തിൽ അണിചേർന്നു. അന്നേദിവസം കുട്ടികൾക്കായി പോസ്റ്റർ മത്സരവും പ്രബന്ധമത്സരവും നടന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി ഐ.സി.ടി. പ്രദർശനവും നടന്നു. പ്രകൃതി സംരക്ഷണത്തെപ്പറ്റിയും കാലാവസ്ഥാവ്യതിയാനത്തെപ്പറ്റിയും കുട്ടികൾക്ക് മനസ്സിലാക്കാൻ ഇത് ഉപകാരപ്രദമായി. അശ്വമേധം പരിപാടിയിലൂടെ പ്രശ്സ്തനായ ജി.എസ്. പ്രദീപ് ഞങ്ങളുടെ അതിഥിയായി വിദ്യാലയത്തിൽ വരികയും കുട്ടികളുമായി ഒട്ടേറെ അറിവ് പങ്കുവെക്കുകയും പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. സ്കൂൾ ലീഡർ മെഹർബ ബി. അസിം അവതരിപ്പിച്ച പ്രസംഗം ശ്രദ്ധേയമായി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഉപയോഗശൂന്യമായ പേനകൾ ശേഖരിക്കാൻ ഓരോ കുട്ടിയ്ക്കും നിർദ്ദേശം നൽകി. മതിലകം പഞ്ചായത്ത് സംഘടിപ്പിച്ച സൈക്കിൾ റാലിയിൽ ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുക്കുകയും പൊതു സമൂഹത്തെ ബോധവൽക്കരണം നടത്തുകയും ചെയ്തു. പ്രകൃതിയുടെ സ്ഥായിയായ നിലനിൽപ്പിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കാലാവസ്ഥ പണിമുടക്കിലൂടെ തികച്ചും വ്യത്യസ്തമായ ഒരനുഭവപാഠമായിരുന്നു കുട്ടികൾക്കോരോരുത്തർക്കും.




## വിദ്യാലയം പ്രതിഭകളോടൊപ്പം



'വിദ്യാലയം പ്രതിഭകളോടൊപ്പം' എന്ന പരിപാടിയുടെ ഭാഗമായി മൂന്ന് പ്രതിഭകളെ ആദരിച്ചു. സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയും സാഹിത്യകാരനുമായ ഹംസ കാക്കശ്ശേരിയെയാണ് ആദ്യമായി ആദരിച്ചത്. തുടർന്ന് പൂർവ്വവിദ്യാർത്ഥിയും മുൻ കായികതാരവുമായ മുളംപറമ്പിൽ ബഷീർ സാറിനെയും കലാകാരനും സാഹിത്യകാരനും ഒ.എസ്.എ. അംഗവുമായ ഡോ. മുസ്തഫ കമാൽ സാറിനെയും ആദരിച്ചു.



ഹെഡ്മിസ്ട്രസ്സ് വാസന്തിടീച്ചറും പി.ടി.എ. പ്രസിഡന്റ് പ്രതീക്ഷ മനോജും ബി.ആർ.സി. അധ്യാപകരും വിദ്യാർത്ഥികളും ചേർന്നാണ് പ്രതിഭകളെ ആദരിച്ചത്. കഥപറയൽ എന്ന കലാരൂപത്തിന്റെ യഥാർത്ഥ അനുഭവം നേരിട്ട് അറിയുന്നതിനുള്ള സാഹചര്യമാണ് ഹംസ കാക്കശ്ശേരി ഒരുക്കിയത്. പ്രതിഭ



കൾ അവരുടെ കലാ-സാഹിത്യ, കായിക അനുഭവങ്ങൾ പങ്കുവെച്ചു. സ്കൂൾ ലൈബ്രറിയിലേക്ക് ഏതാനും പുസ്തകങ്ങൾ നൽകുകയും ചെയ്തു. തികച്ചും സന്തോഷകരമായ അനുഭവമാണ് ഇരുകൂട്ടർക്കും ലഭിച്ചത്. പ്രതിഭകളെ ആദരിക്കുന്നതോടൊപ്പം വിദ്യാലയത്തിൽനിന്നും സ്നേഹോപഹാരം നൽകുകയും ചെയ്തു.

## അന്താരാഷ്ട്ര യോഗാദിനം

ഭാരതത്തിന്റെ പ്രാചീന യോഗവിദ്യയെ അറിയുവാൻ ലോകരാഷ്ട്രങ്ങളുടെ അംഗീകാരത്തോടെ ഒരു ദിനാചരണം ജൂൺ 21 അന്താരാഷ്ട്രയോഗാദിനം. ഹെഡ്മിസ്ട്രസ് ആർ. വാസന്തിടീച്ചർ ഏവരേയും യോഗാദിന പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. ശ്രീമതി രാജേശ്വരി ടീച്ചർ മുഖ്യ അതിഥിയായിരുന്നു. കുട്ടികളെല്ലാം ഈ പരിപാടിയിൽ പങ്കെടുക്കാൻ ഏറെ തൽപരരായിരുന്നു. സ്കൂളിന്റെ മെയിൻഹാളിൽ ശ്രീമതി രാജേശ്വരിടീച്ചറുടെ ആഭിമുഖ്യത്തിൽ യോഗ ക്ലാസ്സ് നടന്നു. മനസ്സിനും




ശരീരത്തിനും ആത്മാവിനും സൗഖ്യം നേടുന്നതിനായി പരമ്പരാഗതമായി ആചരിച്ചു തെളിയിച്ച ജീവിത സൂത്രമാണ് യോഗ എന്നും, യോഗ എന്നാൽ സംയോജനം എന്നുമാണ് അർത്ഥമാക്കുന്നതെന്നും ഇതിന്റെ പിതാവ് പതഞ്ജലി മഹർഷിയാണെന്നും ടീച്ചർ വ്യക്തമാക്കി. ശാരീരികമായ ചിട്ടകളും ആസനങ്ങളും ഇതിന്റെ ആദ്യഘട്ടങ്ങളാണെന്നും. ചെറിയ ചെറിയ വ്യായാമങ്ങളിലൂടെയും ആസനങ്ങളിലൂടെയും യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ടീച്ചർ കുട്ടികളെ ബോധവൽക്കരിച്ചു.

*സഞ്ചയ് കൃഷ്ണ (6 ബി)*



*ഫിദ പർവ്വിൻ വി.എസ്. (7 ബി)*






*ഷിഫാസ് കെ.എസ്. (6 ബി)*



*അസ്ന മോൾ പി.എ. (7 എ)*



*മീനാക്ഷി കെ.എം. (6 ബി)*



*തമിം ജിഷാദ് (5 എ)*



*മുഹമ്മദ് അക്മൽ (5 എ)*



*നികേഷ് എസ്. രതീഷ് (6 ബി)*

## വിജ്ഞാനോത്സവം

കുട്ടികളിൽ ശാസ്ത്രീയവബോധം വളർത്തിയെടുക്കുന്നതിന് കേരള ശാസ്ത്ര പരിഷത്ത് സംഘടിപ്പിക്കുന്ന വിജ്ഞാനോത്സവം 2019 ആഗസ്റ്റ് 20 ന് സ്കൂൾ തലത്തിൽ തുടക്കം കുറിച്ചു. എൽ.പി. വിഭാഗം വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷ്യ വിഭവം തയ്യാറാക്കുന്ന വിധവും മനസ്സിലാക്കാനും യു.പി. വിഭാഗം 4 ദിവസം ഭക്ഷിച്ച ആഹാരവും അതിലടങ്ങിയ പോഷകഘടകങ്ങൾ പട്ടികപ്പെടുത്തൽ പ്രധാന വിഷയങ്ങളായിരുന്നു. പൊതുവിതരണകേന്ദ്രത്തിലെ വിലയും പുറമേയുള്ള കടകളിലെ വിലയും താരതമ്യപ്പെടുത്തുന്നതിൽ കുട്ടികൾ താൽപര്യം കാണിച്ചു. മുൻകൂട്ടി അറിയിച്ച നിർദ്ദേശപ്രകാരം കുട്ടികൾ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കികൊണ്ടുവരികയും, ആ പ്രദർശനം (എൽ.പി. വിഭാഗം) ശരിക്കും ഒരു ഭക്ഷ്യമേളയുടെ പ്രതീതി ഉണർത്തി. എച്ച്.എം. ആർ. വാസന്തി ടീച്ചർ ആ പരിപാടിക്ക് ആശംസകളർപ്പിച്ചു. ഇതിനോടനുബന്ധിച്ച് ഭക്ഷ്യവിഭവം തയ്യാറാക്കുന്ന രീതിയും, കടങ്കഥകൾ, മുദ്രാഗീതങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ ആശയവിനിമയങ്ങൾ വിദ്യാർത്ഥികളിൽ നടത്തുന്നതിൽ ഈ വിജ്ഞാനോത്സവത്തിന്റെ പ്രത്യേകതകളായിരുന്നു. ഇതിൽനിന്ന് പഞ്ചായത്ത് തലത്തിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുകയും തുടർന്ന് പഞ്ചായത്ത് തല വിജ്ഞാനോത്സവത്തിലേക്ക് മൂന്നാം ക്ലാസിലെ അനൂയ കെ.പി. തെരഞ്ഞെടുക്കപ്പെട്ടു.



## പ്രശ്നം

*മുഹമ്മദ് മുഹസിൻ*
*(4 ബി)*

*മതമെ നിന്നോട്*
*എന്ത് തെറ്റാണ് ഞാൻ ചെയ്തത്*
*എന്തിനു നീ ആകാശത്ത്*
*വീണ്ടും വീണ്ടും നക്ഷത്രങ്ങൾ*
*വാരി വിതറുന്നു*
*ദൈവമെ പോയി മറയുക ദൂരെ*
*നീയാണിവിടെ പ്രശ്നം*

## അവസാന വണ്ടി



*ആഷിക് ഭരതൻ*

അവസാന ബസ്സും പ്രതീക്ഷിച്ചുകൊണ്ട് ഞാനാബസ്റ്റോപ്പിൽ നിന്നു. മിന്നാമിന്നിയെപ്പോല കത്തുന്ന വിഴിവിളക്ക് വീശിയടിക്കുന്ന കാറ്റിനാൽ ഇടയ്ക്കിടക്ക് കൺചിമ്മുന്നു. കാലം തെറ്റി പെയ്യുന്ന ശക്തമായ മഴ. ദേഹത്തേക്ക് തെറിച്ചു വീഴുന്ന മഴത്തുള്ളികളിൽ നിന്നു രക്ഷനേടാൻ കുടചരിച്ച് പിടിക്കുമ്പോൾ, ദയനീയമായൊരു ശബ്ദം. മനസ്സിലൂടൊരു മിന്നൽ കടന്നുപോയി.

ശബ്ദം കേട്ട ദിക്കിലേക്ക് കണ്ണുകൾ പായിച്ചു. പക്ഷേ ഇത്തിരി വെട്ടത്തിൽ എന്ത് കാണാൻ?...

പോക്കറ്റിൽ കിടന്ന മൊബൈലിന്റെ ടോർച്ച് വെളിച്ചത്തിൽ ആ കാഴ്ച്ച! ബസ്റ്റോപ്പിനു പിന്നിലെ ചവറുകൂനകൾക്ക് സമീപം നനഞ്ഞൊലിച്ച പയ്യൻ! മനസ്സിൽ ഒരായിരം ചോദ്യങ്ങൾ. എന്തോ യാന്ത്രികമായി എന്റെ പാദങ്ങൾ അവന്റെ സമീപത്തേക്ക് ചലിച്ചു. ഭയന്നിട്ടോ, എന്തോ അവനാ ചവറുകൂനയിലേക്ക് ഒന്നുകൂടി ചുരുണ്ടുകൂടി. പുതച്ചിരുന്ന കീറത്തുണിയുടെ വിടവിലൂടെ നനഞ്ഞ പിഞ്ചു കൈത്തലത്താൽ എന്നെ ഒന്നും ചെയ്യല്ലേ.. എന്ന് ദയനീയമായ മുഖഭാവത്തോടെ ആംഗ്യം കാണിച്ചു. ദൂരെ നിന്ന് അവസാനവണ്ടിയുടെ നിറുത്താതെയുള്ള ഹോൺ അടുത്തടുത്ത് വരുന്നു. ഈ കട്ടപിടിച്ച ഇരുട്ടിൽ, ഏകനായി, ശക്തിയായ മഴയിൽ ഇവൻ.. എവിടെ നിന്ന്? ആരായിരിക്കും ഇവന്റെ അച്ഛനമ്മമാർ? തേടിവന്ന ചോദ്യങ്ങളെല്ലാം ഉള്ളിലൊതുക്കി അവനെ കുനിഞ്ഞ് നോക്കുമ്പോൾ ഒരു രൂക്ഷഗന്ധം അറിയാതെ മൂക്ക്പൊത്തിപ്പോയി. ഞാൻ പതുക്കെ എന്റെ വലതുകൈ അവനിലേക്കടുപ്പിച്ചു. ഭയത്തോടെ അവൻ കൈകൾ തട്ടിമാറ്റി. ഞാൻ പിൻമാറിയതേയില്ല. ആ കീറത്തുണിയിൽ കടന്നുപിടിച്ചു. അവൻ അലറിയതും ശരീര



ത്തിൽ നിന്നും കീറത്തുണി മാറിയതും ഒരുമിച്ചായിരുന്നു.

മനസ്സിലെ വിങ്ങൽ പുറത്ത് കാണിക്കാതിരിക്കാനെനിക്ക് നന്നേ ബുദ്ധിമുട്ടേണ്ടിവന്നു. പൂർവ്വജന്മബന്ധം പോലെ അറിയാതെ – 'മോനേ' എന്നു വിളിച്ചുപോയി. ഒരു പക്ഷേ ആ വിളി കേട്ടിട്ടായിരിക്കും എന്റെ മുഖത്തേക്കവൻ സൂക്ഷിച്ചുനോക്കിയത്. ആ കണ്ണുകൾ ഈറനായിരുന്നോ? അതോ മഴയിൽ നനഞ്ഞതായിരുന്നോ? ഏതോ ഒരുൾപ്രേരണപോലെ 'മോനേ' യെന്ന് വീണ്ടും വിളിച്ചു. എന്തോ ചോദിക്കാനുള്ളതുപോലെ എന്നെയവൻ സൂക്ഷിച്ചുനോക്കി.

'നീയാരാ?'

'എവിടന്നാ?'

അവനെന്തോ പറയാനുള്ളതുപോലെ.. പക്ഷെ! ശബ്ദം പുറത്തേക്ക് വന്നതേയില്ല. വിശന്നിട്ടാവുമോ? മക്കൾക്കായി കരുതിയ പലഹാരത്തിൽ നിന്നും അൽപം അവന്റെ നേർക്ക് നീട്ടി. ഭയത്തോടെയാണെങ്കിലും ആർത്തിയോടതു വാങ്ങി കഴിക്കുന്നതു കണ്ടപ്പോൾ എന്റെ കണ്ണുകളും ഈറനായി. കുപ്പിയിൽ ബാക്കിയുണ്ടായിരുന്ന വെള്ളവും അവനായി നൽകുമ്പോൾ പറഞ്ഞറിയിക്കാൻ വയ്യാത്തൊരാത്മനിർവൃതി.

വണ്ടിയുടെ ശബ്ദം സമീപത്തെത്തിയപ്പോൾ ഞാൻ നിവർന്നു നിന്നു. ഈ വണ്ടി കടന്നുപോയാൽ പിന്നെ വീട്ടിലെത്തുക ബുദ്ധിമുട്ടാണ്. ധൃതിയിൽ റോഡിലേക്കിറങ്ങാൻ തുടങ്ങി. എന്റെ പാന്റ്സ് എവിടെയോ ഉടക്കിയതുപോലെ ഞാൻ തിരിഞ്ഞുനോക്കി. വിറയാർന്ന കുഞ്ഞിളം കൈകളാൽ പാൻസിൽ പിടിച്ചിരിക്കുന്നു. ങ്ഹഎ.. എന്താ വേണ്ടേ?

ഞാൻ തലകൊണ്ടാഗ്യം കാണിച്ചു.

'എന്നേം കൊണ്ടോവോ?.. അവൻ കരഞ്ഞുവോ? അതോ ഞാനോ? എന്താ പറയ്യാ ഇവന്റെ പ്രായത്തേക്കാളും മൂത്തതായി എനിക്ക് രണ്ട് പേരുണ്ട്. ഇവിടെ ഉപേക്ഷിച്ചു പോയാൽ?' നാളെ എന്തെങ്കിലും സംഭവിച്ചാൽ ജീവിതത്തിലതൊരു തീരാക്കളങ്കമായിരിക്കും. എന്തെന്നില്ലാത്തൊരാത്മബന്ധം പതിവ് യാത്രക്കാരനെയും പ്രതീക്ഷിച്ച് ബസ് വന്നു നിന്നു. അവനെയും തൂക്കിയെടുത്ത് ബസിലേക്ക് കയറുമ്പോൾ വീട്ടുകാർ ഒറ്റപ്പെടുത്തല്ലേ എന്ന പ്രാർത്ഥന മാത്രമേ മനസിലുണ്ടായിരുന്നുള്ളൂ.

## OUR TEACHER



*Meharba B. Azem (VII B)*

*Faces of teachers*
*Glitters in our be arts*
*your words and acts*
*Inspires us everytime and everyway*
*You pave the way*
*to lead us in the right path*
*you lift us to reach the stars*
*Despite of the struggle you bear*
*you help us to conquer our fears*
*we are grateful to our teachers*
*who lead us to be the supreme leaders*


## I AM



*Minha Fathima (V B)*

*No One looks the way I do*
*I have noticed that its true*
*No one walks the way I walk*
*No one talks the way I talk*
*No one plays the way I play*
*No one says the things I say*
*I am special*
*There's no one else l'd rather be!*

## നന്മ



*സോജ ഫൈസൽ*

*അച്ഛനുമമ്മയുമോതി നന്മയാൽ വളരേണം*
*ഗുരുനാഥനുമോതി നന്മയാൽ പഠിക്കേണം*
*എപ്പോഴുമെല്ലാരും ചൊല്ലി നന്മവേണം*
*എന്താണു നന്മയെന്നോതിയില്ലാരുമേ..*
*എങ്കിലീ നന്മയെ തൊടാനൊരിഷ്ടം*

*ആകാശകൂടിനപ്പുറമോ ഈ നന്മ?*
*തീരത്തോടടുക്കുന്ന തിരമാലയോ നന്മ?*
*ഇന്നു ഞാനറിയുന്നു മനസ്സിലെ നന്മകളെല്ലാം*
*പൂത്തുലഞ്ഞതെൻ വിദ്യാലയാങ്കണത്തിൽ*

*മാതാപിതാവിനോടുള്ള സ്നേഹമാം നന്മ!*
*ഗുരുനാഥനോടുള്ള ബഹുമാനമാം നന്മ!*
*അനാഥരോടുള്ള സ്നേഹമാം നന്മ!*
*പാവങ്ങളോടുള്ള കരുണയാം നന്മ!*
*കുഞ്ഞുങ്ങളോടുള്ള വാത്സല്യമാം നന്മ!*
*എല്ലാ മനുഷ്യരെ സ്നേഹിക്കുന്നതും നന്മ!*
*എല്ലാ മതങ്ങളെ ബഹുമാനിക്കുന്നതും നന്മ!*
*തണലേകുന്ന മരങ്ങളിൽ നന്മ!*
*തെളിനീരുതരുന്ന പുഴകളിൽ നന്മ!*
*എന്നമ്മയാം ഭൂമിയല്ലോ നന്മ!*










# കെ.ജി. സെക്ഷൻ വാർഷിക റിപ്പോർട്ട്



നമ്മുടെ വിദ്യാലയത്തിലെ കെ.ജി. വിഭാഗം ഉയരങ്ങൾ കീഴടക്കികൊണ്ടിരിക്കുകയാണ്. ഇവിടുത്തെ പ്രവർത്തനങ്ങൾ കുട്ടികളുടെ മികവുകളും കഴിവുകളും വളർത്തിയെടുക്കാൻ പ്രാപ്തരാക്കുന്നു. ഓരോ അധ്യയനവർഷവും വളരെ മേന്മയുള്ളതാക്കുക, കുട്ടികൾക്ക് ഓരോ ദിവസവും പുതിയ അനുഭവമാക്കുക അവരെ ശ്രേഷ്ഠരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ വർഷം ആരംഭിച്ചത്.

ജൂൺ ആദ്യത്തിൽ തന്നെ ഓപ്പൺ ഡേ ആഘോഷിച്ചിരുന്നു. അധ്യാപകരേയും പുതിയ ക്ലാസ്മുറിയെയും മനസ്സിലാക്കാൻ അങ്ങനെയൊരുദിവസം കുരുന്നുകൾക്ക് അനിവാര്യമായിരുന്നു. മോണ്ടിസോറി രീതിയനുസരിച്ച് കളികളിലൂടെയുള്ള പഠനം തന്നെയാണ് പ്രാവർത്തികമാക്കുന്നത്. ഇതിന്റെ ആദ്യപടിയായി നിറങ്ങളുടെ ഒരു ദിവസമാണ് ആഘോഷിച്ചത്. ഇതിന്റെ തുടർച്ചയായി പച്ചക്കറികളുടെയും പഴങ്ങളുടെയും ആവശ്യകത മനസ്സിലാക്കി കൊടുക്കുന്നതിനും അവയെ മണവും നിറവും നോക്കി തിരിച്ചറിയുന്നതിനും വേണ്ടി ഫ്രൂട്ട്സ് ഡേയും വെജിറ്റബിൾസ് ഡേയും ആഘോഷിച്ചു.

മോണ്ടിസോറി മെത്തേഡ്സ് ആയിട്ടുള്ള ബാലൻസിങ്ങ്, ത്രെഡിംങ്ങ്, മെമ്മറിംഗ് ടെസ്റ്റ്, ഫീലിംഗ് & സ്മൈലിംഗ് ടെസ്റ്റ് എന്നിവ നടത്തി കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കാൻ ശ്രമിച്ചു.

ജൂൺ 21ന് യോഗാദിനം വളരെ ഗംഭീരമായി ആഘോഷിച്ചു.

ജൂലായ് ആദ്യവാരത്തിൽ ഷെയറിംഗ് ഡേ ആഘോഷിക്കുവാൻ കഴിഞ്ഞു. ഇതിലൂടെ പരസ്പരം അറിയാനും മറ്റുള്ളവരെ സഹായിക്കാനും കുട്ടികൾ പഠിച്ചു.

നവംബർ 1 കേരളപ്പിറവി ദിനം വളരെ നല്ല പരിപാടികളോടെ ആഘോഷിക്കാൻ കഴിഞ്ഞു. അന്നേദിവസം കേരളത്തെക്കുറിച്ചും വിവിധ കലകളെ കുറിച്ചും കുട്ടികൾക്ക് പരിചയപ്പെടുത്തികൊടുത്തു. കൂടാതെ അന്നേദിവസം ഗ്രൂപ്പ് പ്രവർത്തനങ്ങളും, ക്വിസ്സ് മത്സരങ്ങളും നടത്തി വിജയിച്ച ഗ്രൂപ്പിന് സമ്മാനവും കൈമാറി.

തുടർന്ന് നവംബർ 14ന് ശിശുദിനം വളരെ നല്ല രീതിയിൽ തന്നെ ആഘോഷിച്ചു. കുട്ടികളുടെ ദിവസമായ അന്ന് മുഴുവൻ അവരുടെ പരിപാടികൾ തന്നെയായിരുന്നു. പ്രസംഗ മത്സരങ്ങൾ, ഡാൻസ്, എന്നിവ സംഘടിപ്പിച്ചു. നെഹ്റു മത്സരം വളരെ മികച്ചതായിരുന്നു. മികച്ച നെഹ്റുവായി വേഷം കെട്ടിയ കുരുന്നിനെ സമ്മാനം നൽകി പ്രോത്സാഹിപ്പിച്ചു.

ആഗസ്റ്റിൽ നമ്മൾക്ക് മികച്ചരീതിയിൽ ഒരു കേക്ക് ഷോ നടത്താൻ കഴിഞ്ഞു. അതൊരു പുത്തൻ അനുഭവം ആയിരുന്നു. വിവിധ തരത്തിലുള്ള കേക്കുകൾ ആണ് അവർ ഷോയിൽ പ്രദർശിപ്പിച്ചത്. ആഗസ്റ്റ് അവസാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ജനറൽ അവർണേഴ്സ് ക്ലാസ്സ് നൽകി. അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒരുപോലെ പ്രയോജനകരമായ ക്ലാസ് ആയിരുന്നു അത്.

സെപ്റ്റംബർ ആദ്യത്തിൽ അധ്യാപകദിനത്തിന്റെ ഭാഗമായി കുട്ടികൾ അധ്യാപകർക്ക് പൂക്കൾ സമ്മാനിച്ചു. മുൻപത്തെ വർഷം പ്രളയക്കെടുതി മൂലം ഓണാഘോഷം ഉണ്ടായിരുന്നില്ല. ഇത്തവണ



അതെല്ലാം നികത്തി നല്ല രീതിയിൽ തന്നെ ഓണം ആഘോഷിക്കാൻ കഴിഞ്ഞു. എൽ.കെ.ജി., യു.കെ.ജി. വിഭാഗത്തിൽ സംഘഗാന മത്സരം സംഘടിപ്പിച്ചു. ഓണസദ്യയോടെ എല്ലാവരും പിരിഞ്ഞു.

നവംബർ 5ന് ശ്രീ. സെയ്ദ് ഹാരീസിന്റെ നേതൃത്വത്തിൽ ആർട്ട് ഓഫ് പോസറ്റീവ് പാരന്റിംങ്ങ് എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. എല്ലാം രക്ഷാകർത്താക്കളും പരിപാടിയിൽ പങ്കെടുത്തിരുന്നു.

ഇത്തവണ ക്രിസ്തുമസ്സ് വളരെ വ്യത്യസ്തമായരീതിയിൽ ആണ് ആഘോഷിച്ചത്. ടീച്ചേഴ്സ് തന്നെയാണ് എല്ലാ കുട്ടികൾക്കും വേണ്ടി ഗിഫ്റ്റ് തെരഞ്ഞെടുത്തതും വാങ്ങിയതും. നമ്മുടെ ഹെഡ്മിസ്ട്രസ്സ് ശ്രീമതി വാസന്തി ടീച്ചറിൽനിന്നും മാനേജർ സർ ശ്രീ. സൈഫുദ്ദീനിൽനിന്നും കുട്ടികൾ അവരുടെ ഗിഫ്റ്റുകൾ ഏറ്റുവാങ്ങി. അത് അവരിൽ ഏറെ സന്തോഷം നിറച്ചിരുന്നു. കൂടാതെ കേക്ക് കട്ടിംഗും മിഠായി വിതരണവും നടത്തിയിരുന്നു.

കെ.ജി. വിഭാഗത്തിന്റെ മികവ് കൂട്ടുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് പഠനത്തോടൊപ്പം മാനസികോല്ലാസത്തിനായി കഴിഞ്ഞവർഷം കളിസ്ഥലം തയ്യാറാക്കി വന്നിരുന്നു. ഫെബ്രുവരിയിൽ അതിന്റെ പ്രവർത്തനമാരംഭിക്കുകയും അതിനായി പുതിയൊരു അധ്യാപികയെ നിയമിക്കുകയും ചെയ്തു. ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നൊരു ലക്ഷ്യവും ഇതിനുപുറകിലുണ്ട്.

ജനുവരിയിൽ കെ.ജി. വിഭാഗം പ്രദർശനമത്സരം വളരെയധികം ജനശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ബ്ലോക്ക് പ്രസിഡന്റ് അബീദലിയാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് ഇ.ജി. സുരേന്ദ്രൻ, സീഷോർ എം.ഡി. മുഹമ്മദാലി, സജീവൻമാസ്റ്റർ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇതിന്റെ ആദ്യപടിയായി രക്ഷകർത്താക്കളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുകയും പാഴ്വസ്തുക്കളിലൂടെ പുതിയ ഉല്പന്നങ്ങൾ സൃഷ്ടിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. രക്ഷകർത്താക്കളുടെ നിറസാന്നിദ്ധ്യം ഇതിൽ എടുത്തു പറയേണ്ട ഒന്നുതന്നെയാണ്. പാളകൊണ്ടുള്ള പൂക്കൾ, വിവിധതരം ബോട്ടിൽ ക്രാഫ്റ്റ്സ്, വെജിറ്റബിൾ ഫ്ളവേഴ്സ്, കയർ ഉല്പന്നങ്ങൾ, ആർട്ടിക്ക് പ്രോഡക്ട്സ്, മെഴുകുതിരിപൂക്കൾ, മരത്തിൽ കൊത്തിയെടുത്ത ഉല്പന്നങ്ങൾ, ഓലകൊണ്ടുള്ള കുട്ടകൾ, പായ മുതലായവ മാധ്യമ ജനശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായിരുന്നു. തുടർന്ന് ഈ ഗ്രൂപ്പുകളിൽനിന്നും മൂന്ന് ഗ്രൂപ്പിനെ വിജയികളായി തെരഞ്ഞെടുക്കുകയും ട്രോഫികൾ കൈമാറുകയും ചെയ്തു. ഇതിൽ ഏറ്റവും കൂടുതൽ ഐറ്റംസ് ഉണ്ടാക്കിയ രക്ഷിതാവിന് പ്രത്യേക അഭിനന്ദനം അറിയിക്കുകയും ട്രോഫി നൽകുകയും ചെയ്തു.



*അഫ്താബ് കെ.വൈ. (2 ബി)*

**എ.എം.യു.പി സ്കൂൾ പാപ്പിനിവട്ടം**

എൽ.കെ.ജി., യു.കെ.ജി.
1 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക്
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**Mob.: 944 60 65 960**

## ക്രിസ്തുമസും പുതുവത്സരവും ഒരിക്കൽ കൂടി വന്നെത്തിയപ്പോൾ..



ഒത്തിരി നൊമ്പരങ്ങളെ വിസ്മരിച്ചും മധുരാനുഭവങ്ങളെ അവിസ്മരണീയമാക്കിയും പ്രതീക്ഷകളെ ചേർത്തുപിടിച്ചുകൊണ്ടും പ്രകൃതിദത്തമായ അലങ്കാരവസ്തുക്കൾക്കൊണ്ട് അണിഞ്ഞൊരുക്കിയ വിദ്യാലയത്തിൽ ഇത്തവണ പുതുവത്സരത്തെ വരവേൽക്കാൻ വൈവിധ്യമാർന്ന പരിപാടികൾ ഒരുക്കിയിരുന്നു. സമ്പൽസമൃദ്ധി നിറഞ്ഞ ഒരു പുതുവത്സരം ആശംസിച്ചുകൊണ്ട് ഹെഡ്മിസ്ട്രസ്സ് വാസന്തിടീച്ചർ പുതുവത്സര സന്ദേശം കൈമാറി.

ഓർമ്മ 2019, സമ്മാനമഴ, ക്രിസ്തുമസ്സ് കരോൾ, പുൽക്കൂട് നിർമ്മാണം, മൈലാഞ്ചിയണിയിക്കൽ മത്സരം, പുതുവത്സരകാർഡ് നിർമ്മാണമത്സരം, കുട്ടികളുടെ വിവിധയിനം കലാപരിപാടികൾ എന്നിങ്ങനെ ആകർഷകമായ ഇനങ്ങൾ പുതുവത്സരാഘോഷം മികവുറ്റതാക്കി. മധുരമൂറും പായസം കുട്ടികൾക്ക് നൽകിക്കൊണ്ട് ആഘോഷങ്ങൾക്ക് പരിസമാപ്തി കുറിച്ചു.



## കെടുതികൾക്കിടയിൽ ഒരു ഓണാഘോഷം

പുത്തുമലയിലും കവളപ്പാറയിലും പൊലിഞ്ഞുപോയ ജീവിതങ്ങൾ.. പ്രളയ സാഹചര്യങ്ങൾക്കൊണ്ട് ആഘോഷങ്ങളുടെ പൊലിമ വളരെ ലളിതമാക്കിക്കൊണ്ട് നമ്മുടെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾക്ക് 2019 സെപ്റ്റംബർ 2 രാവിലെ 9 മണിയോടെ തുടക്കം കുറിച്ചു. എച്ച്.എം. ആർ. വാസന്തിടീച്ചർ ഏവരേയും പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. മാനേജർ ശ്രീ. എം.കെ. സൈഫുദ്ദീൻ, പി.ടി.എ. പ്രസിഡന്റ് പ്രതീക്ഷ മനോജ്, വാർഡ് മെമ്പർ കെ.കെ. അഹമ്മദ് കബീർ രക്ഷിതാക്കൾ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. മനോഹരമായ ഒരു വലിയ പൂക്കളം തീർത്തിരുന്നു. കുട്ടികളുടെ കൊച്ചു കലാപരിപാടികളും ഉണ്ടായിരുന്നു. ഉച്ചഭക്ഷണത്തിന് ശേഷം പരിപാടികൾക്ക് സമാപനം കുറിച്ചു.



## കലാമേള

2019–2020 അധ്യയനവർഷത്തിലെ വിദ്യാലയതല കലാമേള ജനുവരി 07 ചൊവ്വാഴ്ച വിദ്യാലയത്തിൽ നടത്തുകയുണ്ടായി. കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തിയത്. ആദ്യം ഓഫ് സ്റ്റേജ് മത്സരങ്ങളും തുടർന്ന് ഓൺ സ്റ്റേജ് മത്സരങ്ങളും നടന്നു. അത്യുത്സാഹത്തോടെയാണ് കുട്ടികൾ കലാമേളയെ വരവേറ്റത്. കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ തെളിയിക്കാനുള്ള ഒരു വേദിയായിരുന്നു. പരിപാടികൾ എല്ലാം മികച്ച നിലവാരം പുലർത്തി. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉണ്ടായിരുന്നു. പി.ടി.എ. യുടെ സഹകരണവും മികച്ചതായിരുന്നു. കലാമേളയ്ക്ക് ശേഷം വിജയികളെ കണ്ടെത്തി.

ഉപജില്ലാ കലാമേള ഒക്ടോബർ 28, 29, 30, 31 തിയ്യതികളിൽ എം.ഇ.എസ്. സ്കൂളിൽ വച്ച് നടക്കുകയുണ്ടായി. നമ്മുടെ കൊച്ചു കലാകാരൻമാർ 190 പോയന്റ് നേടി മാതൃകയായി. സ്കൂൾ ലീഡർ മെഹർബ ബി. അസീം, ആർദ്ര കെ. പ്രശാന്ത്, അർച്ചന ടി.എച്ച്. എന്നിവർ ജില്ലാ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു












## മലമ്പുഴയുടെ മനോഹാരിതയിൽ കുസൃതികുരുന്നുകൾ



യാത്ര ഒരനുഭവമാണ്, ഒരനുഭൂതിയും അതും കൂട്ടുകാരൊന്നിച്ച് കളിച്ചുല്ലസിച്ച് അതൊരു ത്രിൽ തന്നെ.. പറഞ്ഞുവരുന്നത് ഈ വർഷത്തെ വിനോദയാത്രയെക്കുറിച്ചാണ്. 2020 ജനുവരി 15 ബുധനാഴ്ചയായിരുന്നു ഞങ്ങളുടെ മലമ്പുഴയാത്ര. 104 വിദ്യാർത്ഥികളും 15 അധ്യാപകരുമടങ്ങുന്ന സംഘം രണ്ട് ബസുകളിലായി രാവിലെ 7.30ന് പുറപ്പെട്ടു. പത്ത് മണിയോടെ ഫാന്റസിപാർക്കിലെത്തി. അവിടുത്തെ മതിമറന്നുള്ള ഉല്ലാസം ഉച്ചതിരിഞ്ഞ് 3 മണിവരെ നീണ്ടു. അവിടന്ന് നേരെ മലമ്പുഴ സ്നേക്ക് പാർക്കിലേക്ക് വിവിധ ഇനത്തിൽപെട്ട പാമ്പുകളുടെ വലിയൊരു കാഴ്ചതന്നെയായിരുന്നു. ഞങ്ങളെ വരവേറ്റത്. പഠനാർഹമായ ആ കാഴ്ചകൾക്കുശേഷം നേരെ ഗാർഡനിലേക്ക് വിവിധതരം ചെടികളും പൂക്കളും പുൽത്തകിടിയും തണൽ മരങ്ങളും. മനം നിറയെ ആസ്വദിച്ചു. ഗ്രൂപ്പ് ഫോട്ടോ എടുത്തശേഷം തൂക്കുപാലവും കടന്ന് കുത്തനെയുള്ള ഗോവണി കയറി ഡാമിന്റെ മുകളിലെത്തി. അവിടെയും മനം കുളിർക്കുന്ന കാഴ്ചകൾ തന്നെ. കാഴ്ചകളുടെ വിരുന്ന് അവസാനിക്കുന്നില്ല. ഒരു ക്യാമറകണ്ണുപോലെ അതെല്ലാം ഒപ്പിയെടുത്ത് ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് രാത്രി 7.30ന് മടക്കയാത്ര. കളി ചിരിയും പാട്ടും ഡാൻസുമൊക്കെയായി രാത്രി പത്ത് മണിക്ക് ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി. ഓരോ കുരുന്നുകളുടെ മുഖത്തും അപ്പോഴും മലമ്പുഴയുടെ ദൃശ്യമനോഹാരിത തെളിഞ്ഞ് നിൽപ്പുണ്ടായിരുന്നു.



പ്രളയക്കെടുതി അനുഭവിച്ച നമ്മുടെ സഹോദരങ്ങൾ സ്നേഹമധുരവുമായി വീണ്ടും വിദ്യാലയത്തിൽ എത്തിയപ്പോൾ...





## സ്കൂളിൽ ഒരു വലയ സൂര്യഗ്രഹണകാഴ്ച

ശാസ്ത്രരംഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 26 ദൃശ്യവേദ്യമാകുന്ന വലയ സൂര്യഗ്രഹണത്തിനായി സ്കൂൾ ഒരുങ്ങി. ഇതിലേക്കായി ഡിസംബർ 18ന് എൽ.പി., യു.പി. കുട്ടികൾക്കായി പ്രത്യേകം അവബോധ ക്ലാസ് നടത്തുകയും സൗരകണ്ണട വിതരണം നടത്തുകയും ചെയ്തു. കൂടാതെ ഡിസംബർ 20ന് കണ്ണട നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ ഉപയോഗിച്ച് സൗരകണ്ണട വർക്ക്ഷോപ്പ് ഐഷാബി ടീച്ചർ, സോജ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ചെയ്തു. ഇതിലൂടെ കുട്ടികളിലും അവരിലൂടെ മുതിർന്നവരിലും പ്രചരിച്ചു വരുന്ന ഗ്രഹണവുമായി ബന്ധപ്പെട്ടുള്ള അന്ധവിശ്വാസങ്ങൾ ഒരു പരിധിവരെ നീക്കുവാൻ സാധിച്ചു. ഡിസംബർ 26ന് സൗരകണ്ണട ധരിപ്പിച്ചുകൊണ്ട് അത്യപൂർവ്വമായ വലയസൂര്യഗ്രഹണം നിരീക്ഷിക്കുന്നതിന് അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും സ്കൂളിൽ എത്തിച്ചേർന്നു. 9.27ന് സമ്പൂർണ്ണ വലയ സൂര്യഗ്രഹണം കാണാൻ എല്ലാവർക്കും സാധിക്കുകയും ചെയ്തു.

## കാർഷിക മേഖലയിലെ പുത്തൻ അറിവുകൾതേടി വൈഗയിലേക്ക് പഠനയാത്ര



കൃഷിയുടെ നൂതനസാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന വൈഗ -2020. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സംയുക്ത സംരംഭമായിരുന്നു. വൈഗ-2020 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര മൈതാനിയിലാണ് സംഘടിപ്പിച്ചത്. വിവിധ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിലുപരി അത്യാധുനിക കാർഷിക ഉപകരണങ്ങളും വിവിധ കാർഷിക യന്ത്രങ്ങളും വൈഗയിൽ പ്രദർശിപ്പിച്ചിരുന്നു. നമ്മുടെ വിദ്യാലയവും വൈഗ-2020 എന്ന പ്രദർശനനഗരി സന്ദർശിക്കുകയും പുത്തൻപുതിയ ആശയങ്ങൾ വിദ്യാർത്ഥികൾ ഉൾകൊള്ളുകയും ചെയ്തു. പ്രസ്തുത യാത്ര ഈ വർഷത്തെ പഠനയാത്രയായി വിലയിരുത്തി.

## വിദ്യാലയ കൃഷിത്തോട്ടം



കാർഷിക ക്ലബ്ബ് 2019 ജൂലായ് 18 വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ബഹു. വാർഡ് മെമ്പർ കെ.കെ. അഹമ്മദ് കബീർ കാർഷിക ക്ലബ്ബ് ലീഡർ 7-ാം ക്ലാസ്സിലെ നെഹലയ്ക്ക് വിത്ത് വിതരണം ചെയ്തുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു.

കൃഷി ഓഫീസിൽ നിന്നും പച്ചക്കറിതൈകളും. പാപ്പിനിവട്ടം ബാങ്കിൽ നിന്നും പച്ചക്കറി തൈകൾ, വളങ്ങൾ, വിത്തുകൾ ചാക്കുകൾ എന്നിവ ലഭിച്ചു,

വെണ്ട, തക്കാളി, വഴുതന, മുളക്, കോവൽ, കാബേജ്, കാരറ്റ്, ബീറ്ററൂട്ട് എന്നീ തൈകൾ നല്ല രീതിയിൽ കൃഷി ചെയ്യാൻ സാധിച്ചു,

'വിദ്യാലയം പാടത്തേക്ക്' എന്ന പദ്ധതിയോടനുബന്ധിച്ച് കാർഷിക ക്ലബ്ബ് കൺവീനർമാരായ ബുഷറ ഒ.എസ്., ആഷിക് ടി. എന്നിവയുടെ നേതൃത്വത്തിൽ 30 കുട്ടികളെ പാടത്തേക്ക് കൊണ്ടുപോകുകയും പാടത്തേക്ക് ഇറക്കുകയും ചെയ്തു. കർഷകരോടൊത്തുള്ള സംഭാഷണം കുട്ടികൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു.



*ഉച്ചയൂണിന് വിഷരഹിത പച്ചക്കറികൾ നദീറ സൈഫുദ്ദീന്റെ കൃഷിയിടത്തിൽ നിന്ന്*











Published by A.M.U.P. School, Pappinivattam for Private Circulation only. Printed at Vega Printers Mathilakam : 9946 36 9966